REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 01-01-2026 സമയം 12.30 PM

---

## പ്രധാന വാർത്തകൾ

- **ആഗോള പ്രതിസന്ധികൾക്കിടയിലും ഇന്ത്യൻ സമ്പദ് വ്യവസ്ഥ വളർച്ചയുടെ പാതയിലാണെന്ന് റിസർവ് ബാങ്ക്.**
- **ശുഭ പ്രതീക്ഷകളോടെ 2026 നെ വരവേറ്റ് ലോകം.**
- **പുതിയ പൊലീസ് വാഹനങ്ങൾ മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് അല്പസമയത്തിനകം ഫ്ളാഗ് ഓഫ് ചെയ്യും.**
- **സംസ്ഥാനത്ത് ഈ വർഷം മുതൽ ജനുവരി നാല് രജിസ്ട്രേഷൻ ദിനമായി ആചരിക്കുമെന്ന് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി.**
- **കുടുംബശ്രീ മിഷൻ സംഘടിപ്പിക്കുന്ന പതിമൂന്നാമത് ദേശീയ സരസ് മേളയ്ക്ക് നാളെ പാലക്കാട്ട് തുടക്കം.**

## വാർത്തകൾ വിശദമായി

ആഗോള പ്രതിസന്ധികൾ നിലനിൽക്കുമ്പോഴും, ശക്തമായ ആഭ്യന്തര ആവശ്യം, മിതമായ പണപ്പെരുപ്പം, വിവേകപൂർണ്ണ വിശാല സാമ്പത്തിക നയങ്ങൾ എന്നിവയുടെ പിന്തുണയോടെ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ വളർച്ചയുടെ പാതയിലാണെന്ന് റിസർവ് ബാങ്ക് വ്യക്തമാക്കി. RBI യുടെ പുതിയ സാമ്പത്തിക സ്ഥിരതാ റിപ്പോർട്ടിലാണ് ഇക്കാര്യം പറയുന്നത്.

രാജ്യത്ത് ആഭ്യന്തര സാമ്പത്തിക സംവിധാനം സ്ഥിരതയോടെയാണ് തുടരുന്നതെന്നും RBI അറിയിച്ചു.

✪✪✪

DRDO ദിനത്തിൽ രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് ശാസ്ത്രജ്ഞർക്കും, ഉദ്യോഗസ്ഥർക്കും, കുടുംബങ്ങൾക്കും ആശംസ നേർന്നു. രാജ്യസുരക്ഷ ശക്തിപ്പെടുത്തുന്നതിനും പ്രതിരോധ മേഖലയിൽ ആത്മനിർഭർ ഭാരത് എന്ന മഹത്തായ ലക്ഷ്യത്തെ മുന്നോട്ട് കൊണ്ടുപോകുന്നതിനും DRDO യുടെ അചഞ്ചലമായ പ്രതിബദ്ധത, ശാസ്ത്രീയ മികവ് എന്നിവയെ അദ്ദേഹം സമൂഹിക മാധ്യമത്തിൽ പ്രശംസിച്ചു.

✪✪✪

വികസിത് ഭാരത് G-RAM-G പദ്ധതി രാജ്യത്തെ തൊഴിൽ പ്രോത്സാഹിപ്പിച്ച് സ്ത്രീകളെയും കർഷകരെയും ശാക്തീകരിക്കുമെന്ന് കേന്ദ്രമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ പറഞ്ഞു. ഗ്രാമീണ സംരംഭകത്വത്തെ പ്രോത്സാഹിപ്പിക്കുന്നതാണ് G-RAM-G പദ്ധതിയെന്നും പറഞ്ഞ അദ്ദേഹം കർഷകർക്കും, തൊഴിലാളികൾക്കും ലഖ്പതി ദീദികൾക്കും പുതുവത്സര ആശംസ നേർന്നു. രാജ്യത്തെ രണ്ട് കോടിയിലധികം ലാഖ്പതി ദീദികൾ സ്വാശ്രയത്വം കൈവരിച്ചെന്നും ഇത് മറ്റ് സ്ത്രീകൾക്കും പ്രചോദനമായെന്നും ശിവരാജ് സിംഗ് ചൗഹാൻ അഭിപ്രായപ്പെട്ടു.

✪✪✪

ശുഭ പ്രതീക്ഷകളുടെ വർണപ്പകിട്ടിൽ ആഘോഷാരവങ്ങളുടെ അലയൊലിയുമായി പുത്തനുണർവ്വോടെ 2026 നെ വരവേറ്റ് ലോകം. പസഫിക് സമുദ്രത്തിലെ ദ്വീപ് രാഷ്ട്രമായ കിരിബാത്തിയിലാണ് ലോകത്ത് ആദ്യം പുതുവർഷം പിറന്നത്. കിരിബാത്തിക്ക് പിന്നാലെ ന്യൂസിലാൻഡിലെ ചാഥം ദ്വീപിലും പുതുവർഷമെത്തി.

✪✪✪

രാഷ്ട്രപതി ദ്രൗപതി മുർമുവും ഉപരാഷ്ട്രപതി സി പി രാധകൃഷ്ണനും പ്രധാനമന്ത്രി നരേന്ദ്രമോദിയും ജനങ്ങൾക്ക് പുതുവൽസരാശംസ നേർന്നു. എല്ലാവർക്കും സമാധാനവും സന്തോഷവും സമൃദ്ധിയും നൽകുന്ന 2026 ശക്തവും സമ്പന്നവുമായ ഇന്ത്യ കെട്ടിപ്പടുക്കുന്നതിന് പുതിയ ഊർജ്ജം പകരുമെന്ന് രാഷ്ട്രപതി പ്രത്യാശ പ്രകടിപ്പിച്ചു.പുതിയ വർഷം എല്ലാവർക്കും സമാധാനവും ആരോഗ്യവും സന്തോഷവും സമൃദ്ധിയും കൊണ്ടുവരട്ടേയെന്ന് ഉപരാഷ്ട്രപതി ആശംസിച്ചു. പുതുവത്സരം എല്ലാവരുടെയും പരിശ്രമങ്ങൾക്ക് വിജയവും ആരോഗ്യവും സമൃദ്ധിയും കൊണ്ടുവരുമെന്ന് പ്രധാനമന്ത്രിയും ആശംസിച്ചു. മുഖ്യമന്ത്രി പിണറായി വിജയനും ജനങ്ങൾക്ക് പൂതുവത്സര ആശംസ നേർന്നു. പരസ്പര സ്നേഹത്തിന്റെയും മൈത്രിയുടെയും ഉദാത്ത മൂല്യങ്ങൾ മുറുകെ പിടിച്ച് കരുതലോടെ ആഘോഷങ്ങളിൽ പങ്കുചേരാമെന്ന് മുഖ്യമന്ത്രി ആശംസാ സന്ദേശത്തിൽ പറഞ്ഞു.

✪✪✪

ഫെബ്രുവരി 1 മുതൽ പുകയില ഉത്പന്നങ്ങൾക്കും പാന്മസാലക്കും അധിക നികുതി ബാധകമായിരിക്കുമെന്നു കേന്ദ്ര ഗവൺമെന്റ് അറിയിച്ചു. ഇപ്പോഴത്തെ GST ക്കു പുറമെ ആണിത്. അതെ സമയം നിലവിലെ നഷ്ട പരിഹാര തീരുവക്കു പകരമായിരിക്കും പുതിയ നികുതിയെന്നും ഗവൺമന്റ് അറിയിച്ചു. ഫെബ്രുവരി 1 മുതൽ പുകയില ഉത്പന്നങ്ങളുടെ GST നിരക്ക് 40 ശതമാനമായിരിയ്ക്കും.

✪✪✪

പുതിയ പൊലീസ് വാഹനങ്ങൾ മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് അല്പസമയത്തിനകം ഫ്ളാഗ് ഓഫ് ചെയ്യും. സംസ്ഥാന പോലീസ് സേനയുടെ കാര്യക്ഷമതയും അടിസ്ഥാന സൗകര്യങ്ങളും വർദ്ധിപ്പിക്കുന്നതിനും കാലഹരണപ്പെട്ട വാഹനങ്ങൾ ഘട്ടം ഘട്ടമായി മാറ്റുന്നതിന്റെയും ഭാഗമായാണ് വിവിധ യൂണിറ്റുകൾക്ക് പുതിയ വാഹനങ്ങൾ വാങ്ങിയത്. ഉച്ചയ്ക്ക് തിരുവനന്തപുരം SAP പരേഡ് ഗ്രൗണ്ടിൽ നടത്തുന്ന ചടങ്ങിൽ സംസ്ഥാന പൊലീസ് മേധാവി രവദ ചന്ദ്രശേഖർ, പൊലീസ് അഡ്മിനിസ്ട്രേഷൻ DIG ആർ നിശാന്തിനി, മറ്റ് മുതിർന്ന പൊലീസ് ഉദ്യോഗസ്ഥർ തുടങ്ങിയവർ സംബന്ധിക്കും.

✪✪✪

സംസ്ഥാനത്ത് വരാനിരിക്കുന്ന നിയമസഭാ തിരഞ്ഞെടുപ്പിൽ അവകാശവാദങ്ങളുമായി രാഷ്ട്രീയപാർട്ടി നേതാക്കൾ മുന്നൊരുക്കം ആരംഭിച്ചു. LDF - UDF - NDA മുന്നണി നേതാക്കൾ തിരഞ്ഞെടുപ്പിന്റെ തന്ത്രങ്ങളും അടവുകളും എങ്ങനെ വേണമെന്ന പ്രാഥമിക ചർച്ചകളിലാണ്.

ഡെസ്ക് റിപ്പോർട്ട്

..........വോയ്സ്.....

ഗവൺമെന്റിന്റെ നേട്ടങ്ങൾ വിലയിരുത്തിയും, നിലവിലെ രാഷ്ട്രീയ സ്ഥിതിഗതികൾ അവലോകനം ചെയ്തും പ്രചാരണരംഗത്ത് ചുവടുറപ്പിക്കുകയാണ് CPIM സംസ്ഥാന സെക്രട്ടറി MV ഗോവിന്ദൻ. തദ്ദേശ തിരഞ്ഞെടുപ്പിൽ പ്രതീക്ഷിച്ച മുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞില്ലെങ്കിലും നിയമസഭാ തിരഞ്ഞെടുപ്പിൽ കൂടുതൽ നേട്ടമുണ്ടാക്കാൻ കഴിയുമെന്നാണ് പാർട്ടി പ്രതീക്ഷിക്കുന്നതെന്ന് MV ഗോവിന്ദൻ മാധ്യമങ്ങളോട് പറഞ്ഞു.

നിയമസഭാതിരഞ്ഞെടുപ്പിൽ ജയിക്കാൻ പറ്റുന്ന യുവാക്കൾക്കും സ്ത്രീകൾക്കും പരമാവധി സീറ്റ് നൽകുമെന്ന് പ്രതിപക്ഷ നേതാവ് VD സതീശൻ പറഞ്ഞു. തെരഞ്ഞെടുപ്പിൽ നിന്ന് ഒരു വിഭാഗം മുതിർന്ന നേതാക്കൾ റിട്ടയർ

ചെയ്യേണ്ടി വരുമെന്നും സതീശൻ വ്യക്തമാക്കിയിട്ടുണ്ട്. മുഖ്യമന്ത്രി സ്ഥാനാർത്ഥിയെ മുൻനിർത്തിയല്ല UDF തെരഞ്ഞെടുപ്പിനെ നേരിടുന്നതെന്നും പ്രതിപക്ഷനേതാവ് അറിയിച്ചു.

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ വികസന സങ്കൽപ്പങ്ങൾക്ക് പ്രാമുഖ്യം നൽകിയാണ് സംസ്ഥാനത്ത് BJPയും NDA മുന്നണിയും തെരഞ്ഞെടുപ്പിനെ നേരിടുകയെന്ന് BJP സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ പറഞ്ഞു. സംസ്ഥാനത്ത് UDF ഉം LDF ഉം തദ്ദേശ തിരഞ്ഞെടുപ്പിൽ വോട്ട് കച്ചവടം നടത്തിയെന്ന് വ്യക്തമാണെന്നും ഇതിന്റെ തെളിവ് പുറത്തുവിടുമെന്നും രാജീവ് ചന്ദ്രശേഖർ ചാനൽ അഭിമുഖത്തിൽ അറിയിച്ചു.

✪✪✪

മുസ്ലീം ലീഗ് പുതുമുഖങ്ങൾക്കും യുവാക്കൾക്കും കൂടുതൽ അവസരം നൽകുമെന്ന് പാർട്ടി സംസ്ഥാന പ്രസിഡന്റ് പാണക്കാട് സയ്യിദ് സാദിഖ് അലി ശിഹാബ് തങ്ങൾ പറഞ്ഞു. പാർട്ടി കാലത്തിനൊപ്പം സഞ്ചരിക്കുമെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു. തദ്ദേശ തെരഞ്ഞെടുപ്പിൽ പുതുമുഖങ്ങൾക്ക് കൂടുതൽ അവസരം നൽകിയത് ഗുണമായി തീർന്നെന്നും ആ അനുഭവത്തിന്റെ അടിസ്ഥാനത്തിലാണ് പാർട്ടിയുടെ നിയമസഭാ തെരഞ്ഞെടുപ്പ് സമീപനമെന്നും സാദിഖ് അലി തങ്ങൾ അറിയിച്ചു.

✪✪✪

ശബരിമലയിൽ നിന്ന് ഒരു തരി സ്വർണ്ണം പോലും നഷ്ടമാകരുതെന്നാണ് CPIM ന്റെ നിലപാടെന്ന് CPM സംസ്ഥാന സെക്രട്ടറി MV ഗോവിന്ദൻ പറഞ്ഞു. തെറ്റ് ചെയ്തവർ ശിക്ഷിക്കപ്പെടണമെന്നും പാർട്ടിയോ ഗവൺമെന്റോ ഒരിക്കലും ഇവർക്കൊപ്പം നിൽക്കില്ലെന്നും അദ്ദേഹം പറഞ്ഞു. കോടതിയാണ് കേസിൽ SIT യെ നിശ്ചയിച്ചതെന്നും കോൺഗ്രസ് നേതാക്കൾക്ക് നേരെ അന്വേഷണം തിരഞ്ഞിപ്പോൾ UDF ഇരട്ടത്താപ്പ് സ്വീകരിക്കുകയാണെന്നും അദ്ദേഹം ആരോപിച്ചു.

✪✪✪

ശബരിമല സ്വർണകൊള്ളക്കേസിൽ അടൂർ പ്രകാശിന് ബന്ധമുണ്ടെന്ന് കരുതുന്നില്ലെന്ന് മുതിർന്ന കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല പറഞ്ഞു. വിഷയത്തിൽ നീതിപൂർവമായ അന്വേഷണം വേണമെന്നും ചെന്നിത്തല മാധ്യമങ്ങളോട് പറഞ്ഞു. തദ്ദേശ തിരഞ്ഞെടുപ്പിൽ ജനങ്ങൾക്ക് തെറ്റുപറ്റിയെന്ന രീതിയിലാണ് ഗവൺമെന്റ് നിലപാടെന്നും അദ്ദേഹം കുറ്റപ്പെടുത്തി.

✪✪✪

സംസ്ഥാനത്ത് ഈ വർഷം മുതൽ ജനുവരി 4 രജിസ്ട്രേഷൻ ദിനമായി ആചരിക്കുമെന്നും സംസ്ഥാനതല ഉദ്ഘാടനം കണ്ണൂർ അഞ്ചരക്കണ്ടിയിൽ 4 ന് രാവിലെ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കുമെന്നും മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി കണ്ണൂരിൽ അറിയിച്ചു.

ഓരോ ജില്ലയിലും മികച്ച സേവനം കാഴ്ച്ചവെച്ച മികച്ച ജില്ലാ രജിസ്ട്രർ ഓഫീസുകൾ, സബ്ബ് രജിസ്ട്രാറാഫീസുകൾ, ചിട്ടി ഓഫീസുകൾ, മേഖലാ ഓഫീസുകൾ എന്നിവയ്ക്ക് അവാർഡുകൾ നൽകുമെന്നും മന്ത്രി അറിയിച്ചു.

✪✪✪

സംസ്ഥാന തദ്ദേശ ഭരണ വകുപ്പിനു കീഴിൽ കുടുംബശ്രീ മിഷൻ സംഘടിപ്പിക്കുന്ന പതിമൂന്നാമത് ദേശീയ സരസ് മേളയ്ക്ക് പാലക്കാട് ജില്ലയിലെ ചാലിശ്ശേരിയിൽ ഒരുക്കങ്ങൾ പൂർത്തിയായി. നാളെ വൈകിട്ട് മുലയംപറമ്പ് മൈതാനത്ത് ഒരുക്കിയ പ്രത്യേക വേദിയിൽ മുഖ്യമന്ത്രി പിണറായി വിജയൻ മേള ഉദ്ഘാടനം ചെയ്യും.

പാലക്കാട്ട് നിന്ന് ഫൈസൽ അലിമുത്ത്

.........വോയ്സ്......

സരസ് മേളയുടെ വരവറിയിച്ച് നാളെ ഉച്ചയ്ക്ക് വിളംബര ഘോഷയാത്ര നടക്കും. വിവിധ സി ഡി എസ് അംഗങ്ങളുടെ നാടൻ കലാരൂപങ്ങളും ഘോഷയാത്രയുടെ ഭാഗമാകും. ആദ്യമായാണ് ഇന്ത്യയിലെ ഗ്രാമീണ സ്ത്രീ സംരംഭകരുടെ ഏറ്റവും വലിയ വ്യാപാരോത്സവമായ ദേശീയ സരസ് മേളയ്ക്ക് തൃത്താല ആതിഥേയത്വം വഹിക്കുന്നത്. മേളയിൽ കേരളം ഉൾപ്പെടെ 28 സംസ്ഥാനങ്ങളിൽ നിന്നും എട്ട് കേന്ദ്രഭരണ പ്രദേശങ്ങളിൽ നിന്നും ഉള്ള 250 പ്രദർശന വിപണന സ്റ്റാളുകൾ ഉണ്ടാകും.രുചിവൈവിധ്യം വിളമ്പുന്ന 30ലധികം സ്റ്റാളുകൾ അടങ്ങുന്ന മെഗാ ഇന്ത്യൻ ഫുഡ്കോർട്ടും ഒരുക്കിയിട്ടുണ്ട്. സംഗീത നൃത്തനിശകൾ ,കലാവിഷ്ക്കാരങ്ങൾ, ആദരസന്ധ്യകൾ, സെമിനാറുകൾ, പുഷ്പമേള, തുടങ്ങിയവയും ഉണ്ടാകും .ഈ മാസം 11 വരെയാണ് ദേശീയ സരസ്മേള നടക്കുക.

✪✪✪

സംസ്ഥാന ഗവൺമെന്റിന്റെ നവകേരള സിറ്റിസൺസ് റെസ്പോൺസ് പഠന പരിപാടിക്ക് ഇന്ന് തുടക്കമാകും. ഗവൺമെന്റിന്റെ നേട്ടങ്ങൾ വിവരിക്കുന്ന ലഘുലേഖയുമായി വളണ്ടിയർമാർ വീടുകളിലെത്തും. കേരളത്തിന്റെ ഭാവി വികസന നിർദേശങ്ങൾ, നടപ്പാക്കി വരുന്ന വികസനപദ്ധതികളിലുണ്ടാകേണ്ട മാറ്റങ്ങൾ, നടപ്പാക്കേണ്ട പുതിയ ക്ഷേമപദ്ധതികൾ, ഇവയിലെ മാറ്റങ്ങൾ നിർദേശിക്കൽ, എന്നിവയാണ് വളണ്ടിയർമാർ ആരായുക.

✪✪✪

ക്രിസ്മസ്-പുതുവത്സര ആഘോഷങ്ങൾക്കായി ഇടുക്കിയിലേക്ക് സഞ്ചാരികളുടെ സന്ദർശന പ്രവാഹം. ഇടുക്കിയിൽ സുരക്ഷയും അടിസ്ഥാന സൗകര്യങ്ങളുമടക്കം സഞ്ചാരികൾക്ക് വേണ്ടി വിപുലമായ ക്രമീകരണങ്ങളാണ് ജില്ലാ ഭരണകൂടം ഏർപ്പെടുത്തിയത്.

ഇടുക്കിയിൽ നിന്ന് രതീഷ് കൃഷ്ണ....

..........വോയ്സ്...........

കോവിഡ് മഹാമാരി സൃഷ്ടിച്ച നീണ്ട ഇടവേളയ്ക്ക് ശേഷം ഇതാദ്യമായാണ് ഇത്രയധികം സഞ്ചാരികൾ ഇടുക്കിയിലെത്തുന്നത്. മുൻവർഷങ്ങളെ അപേക്ഷിച്ച് മിക്ക വിനോദസഞ്ചാര കേന്ദ്രങ്ങളിലും ഇരട്ടിയിലധികം ആളുകൾ എത്തി. ഒരാഴ്ച്ചക്കിടെ രണ്ടര ലക്ഷത്തിലധികം സഞ്ചാരികൾ ഇടുക്കിയിൽ സന്ദർശനം നടത്തിതായാണ് ഔദ്യോഗിക കണക്കുകൾ. ക്രിസ്മസും പുതുവത്സരവും ഉൾപ്പെടെ വിശേഷ ദിവസങ്ങളിൽ പ്രതിദിനമെത്തിയ സഞ്ചാരികളുടെ എണ്ണം മുപ്പതിനായിരവും കടന്നു. തെളിഞ്ഞ കാലാവസ്ഥയിൽ പ്രകൃതിയൊരുക്കിയ ദൃശ്യമനോഹാരിത ആവോളം ആസ്വദിച്ചാണ് സഞ്ചാരികൾ മടങ്ങിയത്.

✪✪✪

അസാധാരണ കഴിവുകൾ പ്രകടിപ്പിക്കുന്ന കുട്ടികളെ ആദരിക്കുന്നതിന് സംസ്ഥാന തലത്തിൽ നൽകുന്ന ഉജ്ജ്വല ബാല്യ പുരസ്കാരം നാളെ തിരുവനന്തപുരത്ത് സമ്മാനിക്കും. വഴുതക്കാട് വിമൺസ് കോളജ് ഹാളിൽ രാവിലെ പത്തിന് മന്ത്രി വീണാജോർജ്ജ് പുരസ്കാരങ്ങൾ വിതരണം ചെയ്യും. ഓരോ ജില്ലയിൽ നിന്നും നാല് കുട്ടികൾക്കാണ് അവാർഡുകൾ നൽകുന്നത്. 25000 രൂപയും പ്രശസ്തി പത്രവും ഫലകവും അടങ്ങുന്നതാണ് അവാർഡ്. കലക്ടരുടെ അധ്യക്ഷതയിൽ സെലക്ഷൻ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് ജേതാക്കളെ തെരഞ്ഞെടുത്തത്.

✪✪✪

സ്വർണവില കുറഞ്ഞു. പവന് 240 രൂപ കുറഞ്ഞ് 98,920 രൂപയായി. 12,365 രൂപയാണ് ഗ്രാമിന് ഇന്നത്തെ വില.

✪✪✪

സംസ്ഥാന പുരാവസ്തു -പുരാരേഖ- മ്യൂസിയം വകുപ്പുകളുടെ സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന കണ്ണൂർ പൈതൃകകോത്സവത്തിന് ഇന്ന് തുടക്കമാകും. കണ്ണൂരിന്റെ ചരിത്രപരമായ പ്രാധാന്യവും സാംസ്കാരിക

തനിമയും ലോകത്തിനുമുന്നിൽ അവതരിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് പൈതൃകോത്സവം സംഘടിപ്പിക്കുന്നത്. കണ്ണൂർ നഗരത്തിലും മുണ്ടേരി അറയ്ക്കൽ ബർണശ്ശേരിയിലുമാണ് പരിപാടികൾ.

✪✪✪

കുടുംബശ്രീ "സ്നേഹിതാ" ജൻഡർ ഹെല്പ് ഡെസ്കിന്റെ പുതിയ ഓഫീസ് കെട്ടിടം കണ്ണൂരിൽ മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്തു. "ഉയരെ" ജൻഡർ ക്യാമ്പയിന്റെ ജില്ലാ തല ഉദ്ഘാടനവും മന്ത്രി നിർവഹിച്ചു.

തൊഴിൽ നൈപുണ്യം മെച്ചപ്പെടുത്തി തൊഴിൽ അവസരങ്ങൾ ഒരുക്കുക, സുരക്ഷിത തൊഴിൽ സാഹചര്യങ്ങളെ പരിചയപ്പെടുത്തി വേതനാധിഷ്ഠിത തൊഴിൽ പങ്കാളിത്തം ഉയർത്തുകയും അനുകൂല സാഹചര്യം സൃഷ്ടിക്കുകയും ചെയ്യുക എന്നതാണ് 'ഉയരെ' ക്യാമ്പയിനിന്റെ ലക്ഷ്യം.

✪✪✪

*News Editor & News Reader: വി കെ സുരേഷ്*
*NRTs: ഫസ്ന ഫാത്തിമ, രജിന കെ, മണികണ്ഠൻ*
*DEO : സി കെ സുബോധ്*